പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **3353** **12. 12. 2014-** ലെ മറുപടി

# നോർക്ക റൂട്ട്സ് വഴി സ്വയം തൊഴിൽ സംരംഭം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ. കെ.രാജു | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)സ്വയം തൊഴിൽ സംരംഭത്തിനായി നോർക്കയിൽ നിന്നും ബാങ്കുകൾ മുഖേന സാമ്പത്തിക സഹായത്തിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര അപേക്ഷകൾ ലഭിച്ചു; ഇതിനകം എത്ര പേർക്ക് വായ്പ ലഭിച്ചു; | എ) 19690 അപേക്ഷകൾ ലഭിച്ചു. ഇതുവരെ 320 ഓളം പേർക്ക് വായ്പ അനുവദിച്ചു. |
| ബി)സ്വയംതൊഴിൽ സംരംഭകർക്ക് നോർക്ക റൂട്ട്സ് വഴി എന്തെല്ലാം സഹായങ്ങളാണ് ചെയ്തു കൊടുക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ 4 വർഷം 3% പലിശ സബ്സിഡിയും നൽകിവരുന്നു. അപേക്ഷ സമർപ്പിച്ചവർക്ക് ബോധവത്കരണ/പരിശീലന പരിപാടികൾ നടത്തുകയും, സ്ക്രീനിംഗ് നടത്തി പദ്ധതി റിപ്പോർട്ട് ഉൾപ്പെടെ തയ്യാറാക്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള സഹായവും നൽകുന്നുണ്ട്. |
| സി)പ്രവാസികൾക്കായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; ഈ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | സി) പ്രവാസികൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. തിരികെ വന്ന പ്രവാസികൾക്കായി, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡി നൽകി സംരംഭം ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായ സഹകരണങ്ങൾ നൽകുന്ന തിനുള്ള പ്രവാസി പ ുനരധിവാസ പദ്ധതി-'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)'. |

2. സംസ്ഥാനത്ത് നിക്ഷേപം നടത്താനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കു ന്നതിനും ആഗ്രഹിക്കുന്ന പ്രവാസി കൾക്ക് ബന്ധപ്പെട്ട ലൈസൻസിംഗ് ഉൾപ്പെടെ സഹായം നല്കുന്നതിന് വേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ "നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ" എന്ന പദ്ധതി.

3. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ തന്റേതല്ലാത്ത കാരണങ്ങളാൽ ശിക്ഷ അനുഭവിക്കുന്ന പ്രവാസികൾക്ക് നിയമ സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി യായ 'പ്രവാസി ലീഗൽ അസിസ്റ്റൻസ്'.

4. വിദേശ രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്ന നിർധനരായ പ്രവാസി മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നല്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള 'സ്വപ്നസാഫല്യം' പദ്ധതി.

5. തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാസഹായം, വിവാഹധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം എന്നിവയും മരണമടയുന്ന പ്രവാസി കളുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായവും നൽകുന്ന 'സാന്ത്വന പദ്ധതി'.

6. പ്രവാസികൾക്ക് നോർക്കയുടെ പദ്ധതികൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലകളിലും നോർക്ക റൂട്ട്സ് സെല്ലുകൾ.

7. മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചെന്നൈ, ബാംഗ്ലൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നോർക്കാ റൂട്ട്സ് സാറ്റ ലൈറ്റ് ഓഫീസുകൾ .

8. നോർക്കയുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനായി വിദേശ രാജ്യങ്ങളിൽ നോർക്ക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹ്റിനിൽ നോർക്കാ സഹായ കേന്ദ്രം.

9. ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണം മൂലം തിരികെ എത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്ന തിനായി സമഗ്ര പുനരധിവാസ പദ്ധതി.

10. മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ അന്വേഷകരുടെയും ഓൺലൈൻ വേദിയായ 'ജോബ് പോർട്ടൽ'.

11. നോർക്ക വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന '24 മണിക്കൂർ ഹെൽപ്പ് ലൈൻ/കോൾ സെന്റർ'.

12. വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവരിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള സംയോജിത പരിശീലന പരിപാടിയായ 'പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം'.

13. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം വിദേശ തൊഴിൽ വിപണികളിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി.

14. ഇന്ത്യക്കുപുറത്തോ, ഇതര സംസ്ഥാന ങ്ങളിലോ വെച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധിയായ 'കാരുണ്യം പദ്ധതി'.

15. പ്രവാസികൾക്കായി പെൻഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ 'കേരളാ പ്രവാസി കേരളീയ ക്ഷേമബോർഡ്'.

16. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സ് ഓഫീസുകൾ മുഖേന കേന്ദ്ര മാനവവിഭവ ശേഷി വികസന മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി വിദേശ തൊഴിൽ തേടുന്നവർക്ക് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ .

17. പ്രവാസി മലയാളികൾക്ക് അപകടമരണം, സ്ഥിരമായ/പൂർണ്ണമായ/ ഭാഗികമായ വൈകല്യം സംഭവിക്കൽ എന്നിവയ്ക്ക് രണ്ടു ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ.

18. പ്രവാസികളുടെ തിരിച്ചറിയൽ രേഖയായി ഇൻഷുറൻസ് പരിരക്ഷ കൂടി ഉറപ്പുവരുത്തുന്ന എൻ.ആർ.കെ. ഐഡി കാർഡ്/പ്രവാസി ഐഡി കാർഡ്.

19. കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ് മുഖാന്തിരം വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹധനസഹായം തുടങ്ങിയവ.

20. അടിയന്തിര സാഹചര്യത്തിൽ പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള എമർജൻസി റിപ്പാട്രീയേഷൻ പദ്ധതി.

ഈ പദ്ധതികൾ കാര്യക്ഷമമായി നടന്നുവരുന്നതായി വിലയിരുത്തുന്നു.

സെക്ഷൻ ഓഫീസർ